കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കമ്പനി (ദേശീയനിധികളിലേക്കുള്ള സംഭാവനകൾ) ആക്റ്റ്, 1951

(1951-ലെ 54-ാം നമ്പർ)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കമ്പനി (ദേശീയനിധികളിലേക്കുള്ള സംഭാവനകൾ) ആക്ററ്, 1951

(1951-ലെ 54-ാം നമ്പർ)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

# കമ്പനി ( ദേശീയനിധികളിലേക്കുള്ള സംഭാവനകൾ ) ആക്റ്റ്, 1951

(1951-ലെ 54-ാം നമ്പർ)

ദേശീയ നിധികളിലേക്ക് സംഭാവന ചെയ്യാൻ കമ്പനികൾക്ക് കഴിവുണ്ടാക്കാനുള്ള ആക്റ്റ്.

[1951 ഒക്ടോബർ, 17]

പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, കമ്പനി (ദേശീയനിധികളിലേക്കുള്ള സംഭാവനകൾ) ആക്റ്റ്, 1951 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ,—

(ക) 'കമ്പനി'യ്ക്ക്, കമ്പനി ആക്റ്റിൻെറ 2-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള കമ്പനി എന്നർത്ഥമാകുന്നതും, അതിൽ ആ ആക്റ്റിൻകീഴിൽ, അതിലെ 2 ഖ വകുപ്പിൻെറ ബലത്തിൽ ഏകാംഗീകരിക്കപ്പെടുകയും രജിസ്ററർ ചെയ്യപ്പെടുകയും ചെയ്തതായി കരുതപ്പെടുന്ന കമ്പനി ഉൾപ്പെടുന്നതുമാകുന്നു;

(ഖ) 'കമ്പനി ആക്റ്റി'ന്, ഇൻഡ്യൻ കമ്പനി ആക്റ്റ്, 1913 (1913-ലെ 7) എന്നർത്ഥമാകുന്നു.

3. ചില ദേശീയനിധികളിലേക്ക് സംഭാവനകൾ ചെയ്യാൻ കമ്പനികൾക്കുള്ള അധികാരം.—ഏതെങ്കിലും കമ്പനിക്ക്, കമ്പനി ആക്റ്റിലോ, ആ കമ്പനിയുടെ കാര്യങ്ങൾ ക്രമപ്പെടുത്തുന്നതും, തൽസമയം പ്രാബല്യത്തിലിരിക്കുന്നതുമായ മററതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗാന്ധി ദേശീയസ്മാരകനിധിയിലേക്കോ, സർദാർ വല്ലഭ്ഭായ് ദേശീയ സ്മാരകനിധിയിലേക്കോ, ധർമ്മപരമായ ഒരു ഉദ്ദേശ്യത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ദേശീയ പ്രാധാന്യം കാരണമായി കേന്ദ്രഗവൺമെൻറിനാൽ, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആയ മററതെങ്കിലും നിധിയിലേക്കോ സംഭാവനകൾ ചെയ്യാൻ കമ്പനിയുടെ സംഘ-മെമ്മോറാണ്ടമോ സംഘ-നിയമാവലിയോ, അതിന് കഴിവുണ്ടാക്കുന്നില്ലെന്നിരുന്നാലും, കമ്പനി ആക്റ്റിൻെറ 81-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾ അനുസരിച്ച് പാസ്സാക്കുന്ന ഒരു അസാധാരണ പ്രമേയം വഴി അപ്രകാരം ചെയ്യുന്നതിനെ പ്രാധികാരപ്പെടുത്താവുന്നതാണ്.

4. (1948-ലെ 35-ാം ആക്റ്റ് റദ്ദാക്കൽ).—റദ്ദാക്കലും ഭേദഗതിയും ആക്റ്റ്, 1957 (1957-ലെ 36)-ലെ 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു. ഗാന്ധി ദേശീയസ്മാരകനിധി സംഭാവനകൾ (കമ്പനികൾ) ആക്റ്റ്, 1948 ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

---